©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഫെബ്രുവരി 16<br>16th February 2021<br>1196 കുംഭം 4<br>4th Kumbham 1196<br>1942 മാഘം 27<br>27th Magha 1942 | നമ്പർ<br>No. | 7 |

## PART III

## Commissionerate of Land Revenue

(2)

നമ്പർ എ4-11907/2020. 2021 ജനുവരി 4.

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, ഏനാനല്ലൂർ വില്ലേജ്, പറമ്പഞ്ചേരി കരയിൽ, കിഴക്കേടത്ത് വീട്ടിൽ ആലീസ് ജോൺ 19-9-2016-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണ്. അവകാശികളെ കാണിക്കുന്ന ഒരു സാക്ഷ്യപത്രം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാളുടെ ഭർത്താവ് ജോൺ, കെ. പി. സമർപ്പിച്ച അപേക്ഷപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർവഴി അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ പരേതയുടെ നിയമാനുസൃത അവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ജോൺ, കെ. പി. | ഭർത്താവ് | 78 |
| 2 | ലിജോ കെ. ജോൺ | മകൾ | 41 |
| 3 | പീറ്റർ കെ. ജോൺ | മകൻ | 37 |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളാണ് പരേതയുടെ നിയമാനുസൃത അവകാശികൾ എന്നു കാണിച്ച് അപേക്ഷകന് ഒരു സാക്ഷ്യപത്രം നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം മൂവാറ്റുപുഴ തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ട താണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽ മാർഗ്ഗമോ മറ്റു വിധത്തിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

(3)

നമ്പർ എ4-11038/2020. 2020 ഡിസംബർ 31.

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മൂവാറ്റുപുഴ വില്ലേജ്, മൂവാറ്റുപുഴ കരയിൽ കനകാംതടത്തിൽ വീട്ടിൽ കെ. എം. ആന്റണി 13-7-2013-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണ്. അവകാശികളെ കാണിക്കുന്ന ഒരു സാക്ഷ്യപത്രം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാളുടെ ഭാര്യ ഫെലിജ ആന്റണി സമർപ്പിച്ച അപേക്ഷപ്രകാരം ബന്ധപ്പെട്ട വില്ലേജാഫീസർവഴി അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ നിയമാനുസൃത അവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഫെലിജ ആന്റണി | ഭാര്യ | 57 |
| 2 | ഫ്രാൻസിസ് റ്റെനിൽ ആന്റണി | മകൻ | 24 |
| 3 | ട്രീസ റ്റെമി ആന്റണി | മകൾ | 28 |
| 4 | മാത്യൂസ് ആന്റണി | മകൻ | 18 |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളാണ് പരേതന്റെ നിയമാനുസൃത അവകാശികൾ എന്നു കാണിച്ച് അപേക്ഷകയ്ക്ക് ഒരു സാക്ഷ്യപത്രം നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം മൂവാറ്റുപുഴ തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാൽമാർഗ്ഗമോ മറ്റു വിധത്തിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

താലൂക്കാഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. തഹശീൽദാർ.

## Kothamangalam Taluk

പരസ്യം

നമ്പർ എ4-617/2021. 2021 ജനുവരി 29.

കോതമംഗലം താലൂക്കിൽ കോട്ടപ്പടി വില്ലേജിൽ കോട്ടപ്പടി കരയിൽ കൊററാലിൽ വീട്ടിൽ കെ. പി. എബ്രഹാം മകൻ കെ. എ. കുരിയാക്കോസ് എന്നയാൾ 18-9-2009-ൽ മരണമടഞ്ഞിട്ടുള്ളതാണ്. വിവിധആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിനായി ടിയാന്റെനിയമാനുസൃത അവകാശികൾ താഴെ പറയുന്നവരാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ മക്കൾ എബ്രഹാം, ചെറിയാൻ എന്നിവർ സമർപ്പിച്ച അപേക്ഷയിൻമേൽ കോട്ടപ്പടി വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിയതിൽ താഴെ പേര് പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | എബ്രഹാം | മകൻ | 72 |
| 2 | ചെറിയാൻ | ,, | 66 |

മുകളിൽ പേര് ചേർത്തിട്ടുള്ളവരാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനുള്ളിൽ കോതമംഗലം തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി ആക്ഷേപം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കോതമംഗലം. തഹശീൽദാർ.

## Kunnathunad Taluk

പരസ്യം

(1)

നമ്പർ എ2-12841/2020. 2021 ജനുവരി 5.

കുന്നത്തുനാട് താലൂക്കിൽ വെങ്ങോല വില്ലേജിൽ വെങ്ങോല കരയിൽ മരങ്ങാട്ടുപറമ്പിൽ വീട്ടിൽ ഗോവിന്ദൻ എന്നയാൾ മരിച്ചുപോയെന്നും വിവിധ ആവശ്യങ്ങൾക്കായി ഒരു അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ തങ്കമ്മ, കെ. കെ. സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 25-7-2019-ാം തീയതി മരണമടഞ്ഞിട്ടുള്ളതാണെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | തങ്കമ്മ, കെ. കെ. | ഭാര്യ | 70 |
| 2 | മുരുകൻ, എം. ജി. | മകൻ | 52 |
| 3 | ഷീബമോൾ, എം. ജി. | മകൾ | 48 |
| 4 | ഷീജാമോൾ, എം. ജി. | ,, | 45 |

മേൽ പറഞ്ഞവരാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കുന്നത്തുനാട് തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.